

ബിജുകുമാർ

## രാത്രിയിൽ യാത്രയില്ല

സുഹൃത്തേ അല്പം സമയമുണ്ടെങ്കിൽ ഈ കഥയൊന്നു കേട്ടോളൂ. എന്നു വച്ചാൽ എനിയ്ക്കങ്ങനെ കഥ പറയാനുള്ള വലിയ കഴിവൊന്നും ഇല്ല കേട്ടോ? ചെറുപ്പത്തിൽ പിള്ളേർക്കു ചിലതൊക്കെ പറഞ്ഞു കൊടുത്തിട്ടുണ്ടെന്നല്ലാതെ പിന്നൊരിയ്ക്കലും ഒരു കഥയും ഞാനാരോടും പറഞ്ഞിട്ടില്ല. എന്നു വച്ച് ഞാനൊരരസികനാണെന്നൊന്നും കരുതണ്ട. നല്ല കഥകൾ കേൾക്കാനും ആസ്വദിയ്ക്കാനും എനിയ്ക്കു പറ്റും.ഇവിടെ പറയുന്നത് എന്റെ സ്വന്തം കഥയാണ്. യാതൊരു പുതുമയും ഈ കഥയിലില്ല. എങ്കിലും ഒരല്പം എനിയ്ക്കു വേണ്ടി സഹിയ്ക്കുക. പ്ലീസ് ഒരപേക്ഷയാണ്.

ഇപ്പോൾ സമയം രാത്രി പതിനൊന്നര കഴിഞ്ഞിരിയ്ക്കുന്നു. നാട്ടാരെല്ലാം ഉറങ്ങിയ ഈ നേരത്ത് ഞാൻ മാത്രമെന്താ ഉറക്കമിളച്ച് കഥ പറയുന്നതെന്ന് നിങ്ങൾ സംശയിച്ചേക്കാം. ഒന്നുമല്ല അല്പം മദ്യം കഴിച്ചാൽ ഞാനിങ്ങനെയാണ്. വല്ലപ്പോഴുമേ ഞാൻ കഴിയ്ക്കൂ, അതും താഴ്ന്ന ബ്രാൻഡുകൾ വല്ലതും. മക്ഡവൽ , ഹണീബീ ഇതൊക്കെ. എന്നാൽ ഇന്ന് ഗ്രീൻലേബലാണ് കഴിച്ചത്. കുറേ നാളത്തെ ആഗ്രഹമായിരുന്നു ഇത്. വിസ്കി കോളയിലൊഴിച്ച് കഴിയ്ക്കാൻ ഒരു പ്രത്യേകസുഖമുണ്ട് .അത്രയ്ക്കങ്ങു ഫിറ്റായിട്ടൊന്നുമില്ല കേട്ടോ. ചെറിയൊരു തരിപ്പ്.. അതിങ്ങനെ നീറി നീറി പിടിച്ചു കയറും. അപ്പോൾ മനസ്സിന്റെ കെട്ടൊക്കെ ഒന്നഴിയും. പിന്നെ നല്ല ധൈര്യമാ..ആകെപ്പാടെ ഒരു സുഖം! ഓ..കഥ തുടങ്ങിയില്ലല്ലോ അല്ലേ? എനിയ്ക്കിപ്പോ നാല്പത്തൊന്നു വയസ്സുണ്ട്. കണക്കു പ്രകാരം ഇപ്പോഴും യുവാവു തന്നെ. ചെറിയൊരു കട നടത്തുകയാണ് തൊഴിൽ . ഞാനും ഭാര്യയും രണ്ടു പെൺമക്കളുമുള്ള എന്റെ കുടുംബം മുന്നോട്ട്പോകുന്നത് ഈയൊറ്റ കടയുടെ ബലത്തിലാണ്. ദാ ഈ വീടു കണ്ടോ? ഇതൊന്നു സിമന്റു പൂശണമെന്ന് വിചാരിച്ചിട്ട് ഒത്തിരി കാലമായി, സാധിച്ചിട്ടില്ല. എനിയ്ക്ക് കുടുംബസ്വത്തൊന്നും കിട്ടിയിട്ടില്ല. ഒത്തിരിപ്പേരുള്ള ഒരുകുടുംബത്തിലേതായതുകൊണ്ട് പെങ്ങന്മാരുടെ കല്യാണം കഴിഞ്ഞപ്പോൾ ഒന്നും മിച്ചമില്ലായിരുന്നു. എന്നാലും അധ്വാനം കൊണ്ട് ഞാനിത്രയൊക്കെ നേടി. എന്റെ ഭാര്യ, എത്ര നല്ലവളാണെന്നോ! എന്റെ എല്ലാ കഷ്ടപ്പാടിലും എന്നോടൊപ്പം ഉണ്ടായിരുന്നു അവൾ . വല്ലപ്പോഴുമുള്ള ചില്ലറ വഴക്കുകൾ ,പിണക്കങ്ങൾ .അതൊക്കെ ജീവിതത്തിലെ ഒരു രസമല്ലേ? ഇങ്ങനെയൊരു പാവം! ഞങ്ങളുടെ ജീവിതം ആരംഭിച്ചിട്ട് പതിനേഴ് വർഷമായി. ഇത്രയും കാലത്തിനിടയിൽ ഞങ്ങൾ വേറിട്ട് താമസിച്ചത് അവളുടെ രണ്ടു പ്രസവങ്ങൾക്കു മാത്രമാണ്. നിറമിത്തിരി കുറവാണെങ്കിലും അതി സുന്ദരിയാണെന്നു ഞാൻ പറയും. അല്പം തടിച്ച ആ ചുണ്ടിന്റെയും മുഴുത്ത മാറിടത്തിന്റെയും ഒതുങ്ങിയ അരകെട്ടിന്റെയും ഭംഗി.. എന്റെ ഭാഗ്യം തന്നല്ലേ ഇതൊക്കെ..പ്ലീസ് മറ്റൊന്നും വിചാരിയ്ക്കരുത്, അവളോടുള്ള എന്റെ സ്നേഹം വിവരിച്ചെന്നേ ഉള്ളു.ഈ വീടിന്റെ ഓരോ ഇഷ്ടികയും ഞാനും അവളും കൂടിയാ ചുമന്നത്. കാശിനത്ര കഷ്ടപ്പാടായിട്ടാ, അല്ലെങ്കിൽ ഒരിയ്ക്കലും ഞാനതിനു സമ്മതിക്കില്ല.

എന്റെ മൂത്തമോൾക്കിപ്പോൾ പതിനാറ് വയസാണ് നടപ്പ്. അമ്മയേക്കാൾ സുന്ദരി മോളാണെന്നെല്ലവരും പറയും. സത്യമാണ്.ചെറുപ്പത്തിലേ തന്നെ മോൾക്ക് ഡാൻസും പാട്ടുമൊക്കെയായിരുന്നു കമ്പം. എവിടുന്നെങ്കിലും പാട്ടുകേട്ടാൽ മതി മോളു ഡാൻസു ചെയ്യും. ഭാര്യയ്ക്ക് ഒരേ നിർബന്ധം കൊച്ചിനെ ഡാൻസു പഠിപ്പിയ്ക്കണമെന്ന്. ശരി ആവട്ടെ, കഴിവുണ്ടെങ്കിൽ നമ്മളു തടയരുതല്ലോ? പതിമൂന്നാം വയസിലായിരുന്നു അരങ്ങേറ്റം. കുറച്ച് കാശ് കടമായെങ്കിലും സംഗതി ജോറായിരുന്നു. കണ്ടവരെല്ലാം മോളെ അഭിനന്ദിച്ചു. ആ വേഷത്തിൽ എന്റെ കൊച്ചിനെ ഒന്നു കാണണം.ഒരു രാജകുമാരിയെപ്പോലുണ്ട്. അവളുടെ അമ്മയ്ക്കാണ് കേട്ടോ ഏറ്റവും അഭിമാനം. അവളു കൊച്ചിനെപറ്റി വാതോരാതെയല്ലോ സംസാരിയ്ക്കുന്നത്.

അല്ലാ, നിങ്ങൾക്ക് ബോറടിയ്ക്കുന്നുണ്ടോ എന്റെ കഥ കേട്ടിട്ട്? ക്ഷമിയ്ക്കണേ, ഞാൻ പറഞ്ഞല്ലോ കഥപറച്ചിലിൽ ഞാൻ പുറകോട്ടാന്ന്. എന്റെ കടയെന്നു പറഞ്ഞാ കുറച്ച് പലചരക്കുകളും അല്ലറചില്ലറ

http://www.blogger.com/profile/04827106568671989289

സ്റ്റേഷനറി ഐറ്റംസുമൊക്കെയാണ്. ഇതത്ര വലിയ ടൌണൊന്നുമല്ലല്ലോ. നല്ലോണം കടം പോകും. അതൊക്കെ തിരിച്ചുകിട്ടിയാ കിട്ടി. എന്നാലും ഒരു വിധം തട്ടിമുട്ടി ഞങ്ങള് കഴിഞ്ഞു വന്നു. പിന്നെ ഒരു പ്രശ്നമുള്ളത് കുറച്ച് കടമുള്ളതാണ്. അത് ബ്ലേഡ് പലിശയ്ക്കുള്ള കടമാണ്. അതിന്റെ പലിശ അടച്ചാണ് മടുക്കുന്നത്. അല്ലായിരുന്നെങ്കിൽ ഈ വീടിന്റെ ബാക്കി പണിയൊന്നും ഒരു ബുദ്ധിമുട്ടേ ആകില്ലായിരുന്നു. ഇളയമോൾക്ക് വയസ്സ് പത്തായി. പഠിത്തം അഞ്ചാം ക്ലാസിൽ . അവളും ഡാൻസിനൊക്കെ മിടുക്കിയാ. എതായാലും ഡാൻസു പഠിയ്ക്കാനൊന്നും വിട്ടിട്ടില്ല. കുട്ടികളെത്ര പെട്ടെന്നാ വലുതാവുന്നത്?

കഴിഞ്ഞവർഷത്തെ ജില്ലാ സ്കൂൾ കലോത്സവത്തിൽ ഡാൻസിന് എന്റെ മൂത്ത മോൾക്കായിരുന്നു ഫസ്റ്റ്. കാശു ഞാൻവിചാരിയ്ക്കാത്തത്ര ചിലവായി. ഭാര്യയ്ക്കൊരേ നിർബന്ധം; "കൊച്ചിനെ എങ്ങനെയെങ്കിലും വിടണം. ഇന്നത്തെക്കാലത്ത് സിനിമ, സീരിയൽ ,ടി.വി. അങ്ങനെ എന്തെല്ലാം അവസരങ്ങളാ. കഴിവുള്ള കുട്ടികൾക്ക് വളരാൻ ഒരു വിഷമവുമില്ല. കാണുന്നില്ലേ, ചില മിടുക്കന്മാരും മിടുക്കികളും പത്തുലക്ഷത്തിന്റെയും അൻപതുലക്ഷത്തിന്റെയുമൊക്കെ ഫ്ലാറ്റും വില്ലയുമൊക്കെ നേടുന്നത്. നമ്മളെപോലുള്ളവർക്ക് ജോലിയെടുത്ത് നല്ല നിലയിലാവാമെന്നുള്ള വിശ്വാസമൊന്നും വേണ്ടാ.." ഇങ്ങനെയൊക്കെയാണ് അവളുടെ വാദങ്ങൾ. ആലോചിച്ചപ്പോൾ അവളു പറയുന്നതിൽ കാര്യമില്ലേ എന്നെനിയ്ക്കും തോന്നാതിരുന്നില്ല കേട്ടോ. ദാ ആയിരിയ്ക്കുന്ന ടി.വി. സഹകരണബാങ്കിൽ നിന്നും ലോണെടുത്തു മേടിച്ചതാ.. ഇനിയുമുണ്ട് ബാക്കി അടയ്ക്കാൻ . ഇന്നത്തെക്കാലത്ത് ടി.വി.യില്ലാത്ത വീടേതാ? എന്തെല്ലാം പരിപാടികളാ അതിൽ. എനിയ്ക്കിതൊക്കെ കാണാൻ എവിടെ സമയം? എങ്കിലും അവരു കാണട്ടെ. ഇതൊക്കെയല്ലേ ജീവിതത്തിലെ രസം. ആ ടി.വി.യിൽ ഞാനും ഇടയ്ക്കു കണ്ടിട്ടുണ്ട്, കാണാൻ ചേലുള്ള പെൺകുട്ടികൾ ചാടുന്നതും തുള്ളുന്നതുമൊക്കെ. ഒക്കെ ഫ്ലാറ്റും കാശുമൊക്കെ കിട്ടുമെന്ന വിശ്വാസത്തിൽ ..വിശ്വാസമല്ലേ എല്ലാം.

എന്റെ സുഹൃത്തേ, എട്ടു മാസം മുൻപാണ് പത്രത്തിലൊരു പരസ്യം കണ്ടത്. ആൽബത്തിൽ അഭിനയിയ്ക്കാൻ പെൺകുട്ട്യോളെ വേണംന്നു പറഞ്ഞ്. മോള് പത്താം ക്ലാസ് കഴിഞ്ഞ് നില്പാണ്. ഭാര്യയെന്നെ നിർബന്ധിച്ചു കൊണ്ടേയിരുന്നു; അപേക്ഷ അയയ്ക്കണംന്ന് പറഞ്ഞ്.ശരി അയയ്ക്ക്. ഞാൻ സമ്മതിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ ദേ ഒരു കാറിൽ ഒരു "ആന്റി"യും രണ്ടാണുങ്ങളും. അവരാണ് ആൽബം പിടിയ്ക്കുന്നതത്രേ. എന്റെ മോളെ അവർക്ക് വല്ലാതെ ബോധിച്ചു. ഒറ്റ നോട്ടത്തിൽ തന്നെ തീരുമാനിച്ചു, കൊച്ച് തന്നെ നായിക! ആൽബം ,നായിക എന്നൊക്കെ കേട്ടപ്പോൾ എനിയ്ക്കും കുറച്ച് താല്പര്യമൊക്കെ തോന്നി കേട്ടോ. ഇങ്ങനെയൊക്കെയാണല്ലോ ഒരു തുടക്കം . ഇനി സീരിയൽ , ഭാഗ്യമുണ്ടെങ്കിൽ സിനിമ. ഓരോ താരങ്ങളൊക്കെ ഇതു പോലെ എത്ര കഷ്ടപ്പെട്ടാ ഇന്നത്തെ നിലയിലെത്തിയത്! എന്റെ സുഹൃത്തേ ഞാൻ സമ്മതിച്ചു, കൊച്ചിനെ കൂട്ടിക്കോളാൻ ..

രണ്ടു മാസത്തോളമുണ്ടായിരുന്നു ഷൂട്ടിങ്ങ്. എനിയ്ക്കു കടയും പൂട്ടി ഇതിനു പോകാൻ പറ്റുമോ? ഭാര്യയെ ആണെങ്കിൽ കൂടെ വിട്ടിട്ടും കാര്യമില്ല. അവൾക്കതിനുള്ള കഴിവൊന്നുമില്ല. പിന്നെ, ആ ആന്റി ഒരു നല്ല സ്ത്രീ ആയതിനാൽ എല്ലാ കാര്യവും അവരു നോക്കിക്കോളാമെന്നു പറഞ്ഞു. സ്വന്തം മകളെപോലാ എന്റെ മോളവർക്ക്. ആഴ്ചയിൽ രണ്ടും മൂന്നുംദിവസം ഷൂട്ടിങ്ങ് കാണും. ആന്റി തന്നെ കാറുമായി വന്ന് മോളെ കൂട്ടിക്കോളും. ആദ്യത്തെ ആൽബം കഴിഞ്ഞയുടനെ രണ്ടാമത്തെ ആൽബവും തുടങ്ങി. സംഗതി നല്ല ലാഭകരമാണെന്നാ തോന്നുന്നത്. ആദ്യത്തേതിന്റെ സി.ഡി. ഞങ്ങളെല്ലാവരും കൂടി ഒന്നിച്ചിരുന്നാ കണ്ടത്. പാട്ടുകളൊക്കെ സൂപ്പർ . ഡാൻസും മോശമില്ല. ചുരിദാറൊക്കെ ഇട്ടു കഴിഞ്ഞപ്പം മോളൊരു വലിയ പെണ്ണാണെന്നേ തോന്നൂ. എന്തോ പ്രേമപ്പാട്ടാണെന്നു തോന്നുന്നു, കുറച്ചു കെട്ടിപ്പിടുത്തമൊക്കെ ഉണ്ട്. എനിക്കെന്തോ അതു കണ്ടിട്ടൊരു വിഷമം തോന്നി. എന്നാ ഭാര്യയ്ക്കും മോൾക്കുമൊക്കെ നല്ല സന്തോഷായിരുന്നു. കാശായിട്ട് പതിനായിരം രൂപ മോളെന്റെ കൈയിൽ തന്നപ്പോൾ എനിയ്ക്കാകെയൊരു അഭിമാനം തോന്നി. ഒരു കലാകാരിയുടെ അച്ഛൻ !എന്റെ മോൾടെ അധ്വാനത്തിലൂടെ കിട്ടിയ പണം!

രണ്ടാമത്തെ ആൽബം ഷൂട്ടിങ്ങ് കഴിഞ്ഞപ്പോൾ മോൾടെ കൈയിലിരുന്ന മൊബൈൽ കണ്ട് ഞാനതിശയിച്ചു

http://www.blogger.com/profile/04827106558671989289

പോയി. ഫോട്ടോ പിടിയ്ക്കാനും വീഡിയോ പിടിയ്ക്കാനുമൊക്കെ പറ്റുന്ന മൊബൈലുണ്ടെന്നു കേട്ടിട്ടുള്ളതല്ലാതെ ഞാനാദ്യമായിട്ടാ അതു കാണുന്നത്. ഒരു പതിനയ്യായിരം രൂപയെങ്കിലും വില വരും. ആന്റി മേടിച്ചു കൊടുത്തതാണെന്നാ അവൾ പറഞ്ഞത്. എത്ര നല്ലവളാ ആന്റി. ഇപ്പോൾ മൂന്നാമത്തെ ആൽബം ഷൂട്ടിങ്ങു ആരംഭിച്ചിട്ടുണ്ടത്രേ. ഇതു കൂടി കഴിഞ്ഞാൽ സീരിയൽ തുടങ്ങാനാണ് പരിപാടി.അതിലും എന്റെ മോളു തന്നെ നായിക! വൈകിട്ടു വീട്ടിൽ വരുമ്പോൾ ഭാര്യയാണ് മോൾടെ വിശേഷങ്ങളൊക്കെ പറയുക. കൊച്ച് മുറിയടച്ച് അകത്ത് ഉറക്കം പിടിയ്ക്കും. പകലത്തെ ക്ഷീണം. മോള് വീട്ടിലുള്ളപ്പൊഴൊക്കെ ഫോൺ വിളിയാ..എപ്പോഴും ചിരിച്ചുല്ലസിച്ച് വിളിയോടു വിളി.. രാത്രിയിലും വിളി. വിളിച്ച് വിളിച്ച് അവളെന്നെ അച്ഛാന്നു വിളിയ്ക്കാൻ തന്നെ മറന്നെന്നെനിയ്ക്കു തോന്നി. പണ്ടു മുതലേ എന്നും രാത്രി ഞാൻ വരുമ്പോൾ പിള്ളേർക്ക് എന്തെങ്കിലും പലഹാരമോ മുട്ടായിയോ കൊണ്ടു വരും. എന്റെ ഒച്ച കേട്ടാൽ ഓടിവന്നു പൊതി തട്ടിപ്പറിച്ചിട്ടെ അവരടങ്ങൂ. അതിനു വേണ്ടി ഒരു ബഹളം തന്നെ നടക്കും. ഇപ്പോൾ അങ്ങനെയൊന്നുമില്ല. ആ ഫോണൊന്നു താഴെ വച്ചിട്ടു വേണ്ടെ?

ഞാൻ നിങ്ങളെ വല്ലാതെ മുഷിപ്പിച്ചോ? വേഗം പറഞ്ഞു തീർത്തേക്കാം. തന്നെയുമല്ല ഗ്രീൻ ലേബൽ പതുക്കെ പിടിമുറുക്കുന്നുണ്ട്. അത്രക്കങ്ങു ഫിറ്റാകാൻ പാടില്ല. ഇന്നലെ വൈകുന്നേരമായിരുന്നു. എനിയ്ക്കു പരിചയമുള്ള ഒരു ചെറുപ്പക്കാരൻ കടയിൽ വന്നു. പേര് ഞാൻ പറയില്ല. എന്നെ ഒരു മൂലയിലേയ്ക്ക് വിളിച്ച് മാറ്റിനിർത്തി. അവന്റെ കൈയിലൊരു മൊബൈൽ . മോളുടെ കൈയിലേതുപോലെ വില കൂടിയത്. അവന്റെ വിരലുകൾ മൊബൈലിൽ ഓടി നടന്നു. എന്നിട്ട് എന്റെ കൈയിൽ തന്ന് കാണാൻ പറഞ്ഞു. ചെറിയൊരു സിനിമാപ്പടം പോലെ. ഞാനാദ്യമായാ മൊബൈലിൽ വീഡിയോപ്പടം കാണുന്നതു കേട്ടോ! അതൊരു വല്ലാത്ത കാഴ്ചയായിരുന്നു! ഒരു പെൺകൊച്ചിനെ ഒരുത്തൻ കെട്ടിപ്പിടിയ്ക്കുകയും ഉമ്മ വയ്ക്കുകയുമൊക്കെ ചെയ്യുന്നു. അല്പം ശ്രദ്ധിച്ചപ്പോൾ മൊബൈൽ പിടിച്ച വിരലിൽ കൂടി ഒരു വിറയൽ നെഞ്ചിലേയ്ക്ക് പാഞ്ഞു വന്നു.അതു ഷൂട്ടിങ്ങൊന്നുമല്ലാന്നു കാണുമ്പോഴേ അറിയാം. ഒരു കട്ടിലിൽ കിടയ്ക്കുകയാണെന്റെ കൊച്ച്. ആ വീഡിയോ അത്രയേ ഉണ്ടായിരുന്നുള്ളൂ. ആ ചെറുപ്പക്കാരൻ മൊബൈൽ പിടിച്ചു മേടിച്ചിട്ടു പറഞ്ഞു. “ചേട്ടാ.. ഇതൊന്നുമല്ല, ബാക്കി ചേട്ടനെ കാണിയ്ക്കാൻ പറ്റില്ല. മകളെ സൂക്ഷിച്ചാ നല്ലത്. ഇതൊക്കെ നാട്ടുമുഴുക്കെ എല്ലാ മൊബൈലിലും കേറീട്ടുണ്ട്”. ഇത്രയും പറഞ്ഞ് അവൻ ചാടിയിറങ്ങിപ്പോയി. എന്റെ സുഹൃത്തേ, ശരീരം മുഴുവൻ തേരട്ട ഇഴഞ്ഞു കേറുന്നതു പോലെ തോന്നി.. നൂറുകണക്കിന് കുറുക്കന്മാരാണ് ചുറ്റിനും നിന്ന് കൂവിയത്. ഇടത്തു നിന്നും വലത്തു നിന്നും കനത്ത ഇരുട്ട് നല്ല ശക്തിയോടെ എന്റെ ഇരു ചെവിയിലേയ്ക്കും ആഞ്ഞടിച്ചു. ഒരഞ്ചു മിനിട്ട്. എല്ലാം ശാന്തമായി.

ഞാൻ കടയടച്ച് മിണ്ടാതെ വീട്ടിലേയ്ക്ക് നടന്നു. വീട്ടിൽ ചെന്നപ്പോഴും എന്റെ പൊന്നുമോൾ ഫോണിൽ മുങ്ങിത്തപ്പുകയാണ്. റ്റി.വി.യിൽ പെൺകുട്ടികൾ ആടിത്തിമിർക്കുന്നു. എന്റെ കൊച്ചുമോൾ അതുനോക്കി ആഹ്ലാദിച്ചു ചിരിയ്ക്കുകയാണ്. അവൾക്കും നായികയാകണമോ? ഞാനാരോടും ഒന്നും ചോദിച്ചില്ല. നേരത്തെ വന്നതിനെക്കുറിച്ച് ചോദിച്ചിട്ട് ഒന്നും പറഞ്ഞുമില്ല.. നല്ല തലവേദന. ഒന്നു കിടക്കണമെന്നു മാത്രം പറഞ്ഞു. കാളരാത്രി. തിരിഞ്ഞിട്ടും മറിഞ്ഞിട്ടും ഉറക്കമൊന്നും വന്നില്ല. കണ്ണടച്ചാൽ തേരട്ടകളും കുറുക്കന്മാരും. ഇന്നു പകൽ ഞാനൊരു യാത്ര പോയി കേട്ടോ. കാവിലമ്മയുടെ അടുത്ത്.. രുധിര ഭദ്രയുടെ മുൻപിൽ കുറച്ചു നേരം പ്രാർത്ഥിച്ചു. സമയം ഇപ്പോൾ പന്ത്രണ്ടു മണിയായി. എല്ലാവരും ഉറങ്ങിയിട്ടുണ്ടാവും. ഉറങ്ങട്ടെ, നന്നായി ഉറങ്ങട്ടെ. ഇന്ന് വൈകിട്ട് ഞങ്ങൾ ഒന്നിച്ചിരുന്ന് ബിരിയാണിയാണ് കഴിച്ചത്. ഒന്നാന്തരം ചിക്കൻ ബിരിയാണി. കൊച്ചുമോൾക്ക് വലിയ കൊതിയാണ് ബിരിയാണി കഴിയ്ക്കാൻ , എന്റെ ഭാര്യയ്ക്കുമതെ. അവളിതൊക്കെ എവിടുന്നു കഴിയ്ക്കാനാ? വലിയ ബോട്ടിൽ കോള കൊടുത്തപ്പോൾ അതിലും വലിയ സന്തോഷം. വലിയ മോളിതൊക്കെ കഴിച്ചിട്ടുള്ളതിനാൽ വലിയ പുതുമയൊന്നും കാണില്ല. മൂന്നു പേർക്കായതു കൊണ്ട് ആറു ഗുളിക മതിയാവും. അതിൽ കൂടുതൽ കിട്ടാൻ യാതൊരു മാർഗവുമില്ലായിരുന്നു. കോളയുടെ ടേസ്റ്റിനിടയിൽ ഉറക്ക ഗുളിക പൊടിച്ചു ചേർത്തത് അറിഞ്ഞിരിയ്ക്കാൻ യാതൊരു വഴിയുമില്ല.

കഥ പറച്ചിൽ ഞാനിവിടെ നിർത്തുകയാണ്. ഇനി നിങ്ങൾ എന്റെ കൂടെ വരൂ. ദാ ആ മുറി കണ്ടോ അവിടെയാണ് എന്റെ മോൾ കിടക്കുന്നത്. വരൂ, ഇത് പൂട്ടിയിട്ടൊന്നുമില്ല. അതാ അവൾ കിടക്കുന്നതു കണ്ടോ. നല്ല ഉറക്കത്തിലാണ്. രണ്ടു ഗുളികയല്ലേ ചെന്നിരിയ്ക്കുന്നത്. ഒരു രാജകുമാരിയേ പോലല്ലേ അവൾ ..

http://www.blogger.com/profile/04827105568571932289

അവളുണ്ടായിട്ട് മൂന്നാം മാസത്തിലേ ഞാനവളെ കൈയിലെടുത്തുള്ളൂ. മറ്റൊന്നും കൊണ്ടല്ല, എന്റെ ഈ മയമില്ലാത്ത കൈകൊണ്ട് തൊടുമ്പോഴേ അവൾ കരയാൻ തുടങ്ങും. അപ്പോൾ എന്റെ മനസ്സു കലങ്ങും.. പല്ലില്ലാത്ത ആ മോണ കാട്ടിയുള്ള കരച്ചിൽ എനിയ്ക്കിഷ്ടമേ അല്ല. എന്റെ മോളെപ്പോഴും ചിരിച്ചു കൊണ്ടിരിയ്ക്കണം. പിന്നെ പിന്നെ എന്റെ തോളിൽ നിന്നവൾ ഇറങ്ങിയിട്ടില്ല. കുഞ്ഞിക്കൈകൾ കൊണ്ടീ മുഖത്തെത്ര അടിച്ചിരിയ്ക്കുന്നു. ഈ മാറിലെത്ര പുണ്യാഹം തളിച്ചു!എന്റെ മടിയിൽ വച്ചാണ് അവൾക്ക് ചോറൂണ് നടത്തിയത്. അപ്പോഴവൾ കുഞ്ഞരി പല്ലുകൾ കൊണ്ടെന്റെ വിരലിൽ കടിച്ചു. ഹോ.. അതിന്റെയൊരു പുളകം! അവളുടെ കൈവളർന്നതും കാൽ വളർന്നതും മുടിവളർന്നതും പല്ലുകൾ കൊഴിഞ്ഞതും പിന്നെ വന്നതും ഒക്കെ ഇപ്പോഴും ഈ കണ്ണിലുണ്ട്. ആ മോളാണോ ഈ കിടക്കുന്നത്? ആ കവിളിലും ചുണ്ടിലും ആരുടെയൊക്കെയോ ദന്തക്ഷതങ്ങൾ തെളിഞ്ഞു കിടപ്പുണ്ട്..പിന്നെ...? വേണ്ട കൂടുതൽ പറയാൻ എനിയ്ക്കു പറ്റില്ല. ഞാനൊരച്ഛനല്ലേ.

ഈ കഠാര ഞാനിന്നലെ വാങ്ങിച്ചതാണ്. നല്ല സ്റ്റീലാണ്. അപ്പോൾ നിങ്ങൾ കണ്ണിറുക്കി അടച്ചു കൊള്ളൂ.. ഒന്ന്, രണ്ട്, മൂന്ന്....മൂർഖന്റെ ശീൽക്കാരം. കഠാരമുന വായുവിൽ ഊളിയിട്ടതാണ്. നെഞ്ചിലായതുകൊണ്ട് പെട്ടെന്നു കാര്യം കഴിയും.ഇളം രക്തം മുഖത്തേയ്ക്കല്പം തെറിച്ചിട്ടുണ്ട്. സാരമില്ല സ്വന്തം ചോര തന്നെയല്ലേ. കഴുത്തറത്ത കോഴിയുടേതു പോലൊരു പിടച്ചിൽ. കഴിഞ്ഞിരിയ്ക്കുന്നു. തുറിച്ച കണ്ണുകളുടെ നോട്ടം എന്റെ നേരെയാണോ? കണ്ണടച്ചേക്കൂ മോളെ. വരൂ..ആ മുറിയിൽ എന്റെ ഭാര്യയും കൊച്ചു മോളുമുണ്ട്. നോക്കിക്കേ, രണ്ടു പേരും കെട്ടിപ്പിടിച്ചാണ് കിടപ്പ്. കിടക്കയിൽ എനിയ്ക്കുള്ള സ്ഥലം ഒഴിച്ചിട്ടിരിയ്ക്കുന്നു. എന്നും ഞങ്ങളൊന്നിച്ചാണല്ലോ ഉറങ്ങുന്നത്. കൊച്ചിനെ അല്പം മാറ്റിക്കിടത്താം. അഞ്ചേകാൽ അടി നീളമുള്ള , പതിനേഴ് വർഷം എനിയ്ക്ക് ചൂട് പകർന്ന ശരീരം. ഇന്നലെയും ചേർന്നു കിടന്നവൾ . എന്റെ മോളുടെ അമ്മ. മോളിപ്പോൾ ആകാശത്ത് നക്ഷത്രമായുദിച്ചുകാണും. അവളൊറ്റയ്ക്കല്ലേ. നീയും വേണം അവിടെ. ഒന്ന്, രണ്ട്, മൂന്ന്, നാല്. ..വീണ്ടും ശീൽക്കാരം. ആ ഹൃദയ രക്തത്തിലെ സ്നേഹകണങ്ങൾ എന്നെ പുൽകട്ടെ. ഞാനെത്ര തലചായ്ച്ച മാറിടം..! പാവം എന്തൊരു പിടച്ചിൽ ...! ങാ.. കഴിഞ്ഞെന്നു തോന്നുന്നു. കൊച്ചുമോൾ ഒന്നുമറിയാതെ ഉറക്കമാണ്. ആ കവിളിൽ ഒന്നു ചുംബിയ്ക്കട്ടെ. അവൾക്കും ഡാൻസ് ഇഷ്ടമായിത്തുടങ്ങിരിയ്ക്കുന്നു. വേണ്ട മോളെ.. മോളും പൊയ്ക്കോ. ആകാശത്ത്, ആവോളം പറന്നു നടക്കാലോ. മേഘത്തുണ്ടുകളിൽ തെന്നി തെന്നി നൃത്തം ചെയ്യാലോ..അവിടെയാകുമ്പോൾ അമ്പിളിമാമൻ കഥകൾ പറഞ്ഞു തരും, നക്ഷത്രക്കുഞ്ഞുങ്ങൾ കൂട്ടു വരും..കൊള്ളിമീനുകൾ ഊളിയിട്ട് കണ്ണിൽ വിസ്മയം വിരിയിയ്ക്കും. ഈ.. കത്തി..വേണ്ട കൊച്ചുമോൾക്കതു വേണ്ട. ആ നെഞ്ച് തീരെ ചെറുതല്ലേ. ഈ തലയിണ മതിയാവും. രണ്ടു മിനിട്ട്.. പിടയുന്നുണ്ട്. അല്പം കൂടി അമർത്തട്ടെ.മോളുറങ്ങിക്കഴിഞ്ഞു.

ങാ വരൂ സുഹൃത്തേ, നമുക്ക് പുറത്തിറങ്ങാം. ദാ ആകാശത്തേയ്ക്ക് നോക്കിക്കേ.. അതാ ആ കാണുന്ന മൂന്നു നക്ഷത്രങ്ങൾ കണ്ടോ? അതവരാണ്. ഇപ്പോൾ എത്തിയതേ ഉള്ളൂ. അവര് കണ്ണു ചിമ്മി എന്നെ വിളിയ്ക്കുകയാണ്. എന്റെ കൊച്ചു മോളാണ് ആ നടുക്കത്തേത്. ഇനിയിപ്പോ എനിയ്ക്കു വൈകാൻ പറ്റില്ല. മനസ്സിന്റെ കെട്ടെല്ലാം അഴിഞ്ഞിരിയ്ക്കുന്നു. നനുത്ത ഒരു മൂടൽ മഞ്ഞ് എന്നെ തഴുകി പോകുന്നല്ലോ. അതിന്റെ കണങ്ങൾ എന്റെ രോമകുത്തുകളിൽ ഇക്കിളിയിടുന്നുണ്ട്. പുകപിടിച്ച കൃഷ്ണമണികൾക്കിടയിലൂടെ എനിയ്ക്കെല്ലാം കാണാം. നിൽക്കുന്നിടത്തെല്ലാം അടുക്കടുക്കായി കറുത്ത ഇരുട്ട്. അവിടവിടെ തീ പോലെ ജ്വലിയ്ക്കുന്ന ചെന്നായ് കണ്ണുകൾ തുറിച്ചു നോക്കുന്നു ..തുറന്ന വായകളിൽ നിന്നും തീയും പുകയും . അവറ്റകളുടെ ദുര പിടിച്ച അണപ്പ് എനിയ്ക്കു കേൾക്കാം..കൂമന്റെ പട പട ചിറകടികൾ . കരിനാഗങ്ങൾ കാൽച്ചുവട്ടിൽ ഇഴയുന്നുണ്ട്.. ഇരട്ടനാവുകൾ പാദങ്ങളെ സ്പർശിയ്ക്കുമ്പോൾ മരവിയ്ക്കുന്ന തണുപ്പ്.. ഈ കയറിന് ആറടി നീളമുണ്ട്. അത് ധാരാളം. എന്നാൽ പിന്നെ... സുഹൃത്തേ, രാത്രിയിൽ യാത്രയില്ല.

http://www.blogger.com/profile/04827106568671989289

http://www.blogger.com/profile/04827106568671989289